**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5280** **21-03-2025 - ൽ മറുപടിയ്ക്ക്**

**ക്യാമ്പസുകളിൽ വിദ്യാർത്ഥികളുടെ ലഹരി ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സജീവ് ജോസഫ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ക്യാമ്പസുകളിൽ വിദ്യാർത്ഥികളുടെ ലഹരി ഉപയോഗം വർധിച്ചുവരുന്നത് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ലഹരി ഉപയോഗം സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ക്യാമ്പസുകളിൽ ലഹരി വസ്തുക്കളുടെ ഉപയോഗവും വിതരണവും തടയുന്നതിനായി ആവശ്യമായ കരുതൽ സ്വീകരിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിൽ ലഹരിവിരുദ്ധ സെല്ലുകളുടെയും എൻ.എസ്. എസ്. ന്റെയും. ശ്രദ്ധ, നേർക്കൂട്ടം എന്നീ കമ്മിറ്റികളുടെയും നേതൃത്വത്തിൽ സജീവമായ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി വിവിധ ബോധവൽക്കരണ പരിപാടികളും, കലാസാംസ്കാരിക പരിപാടികളും, മത്സരങ്ങളും വിവിധ സ്ഥാപനങ്ങളിലും വകുപ്പ് തലത്തിലും സർക്കാർതലത്തിലും വിജയകരമായി സംഘടിപ്പിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ "ബോധപൂർണ്ണിമ" കാമ്പയ്ൻ കഴിഞ്ഞ വർഷം നടപ്പാക്കുകയുണ്ടായി. കൂടാതെ NSS -ന്റെ ആഭിമുഖ്യത്തിൽ "Life is Beautiful' കാമ്പെയ്ൻ ആരംഭിച്ചു. ഇതിന്റെ ഭാഗമായി ബഹുജനസംവാദങ്ങൾ, ലഹരിയ്ക്കെതിരെ മനുഷ്യച്ചങ്ങല, ലഹരി വിമുക്തരുടെ സ്നേഹസംഗമം. ലഹരിക്കെതിരെ പോരാടുന്ന മാതൃകാ വ്യക്തിത്വങ്ങളേയും സംഘടനകളേയും ആദരിക്കൽ, തുടങ്ങി വിവിധ പരിപാടികൾ ആവിഷ്കരിച്ചുവരുന്നു. IHRD സ്ഥാപനങ്ങളിൽ ലഹരിക്കെതിരെ കൂട്ടയോട്ടം "സ്നേഹത്തോൺ" പരിപാടി സംഘടിപ്പിച്ചു. കോളേജുകളിൽ ആന്റി നാർക്കോട്ടിക് സെൽ/ ആന്റി ഡ്രഗ്സ് ക്ലബ്/എൻ.എസ്.എസ്. യൂണിറ്റ് എന്നിവ മുഖേനയോ അധ്യാപകരുടെ നേതൃത്വത്തിലോ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികൾക്കായി ബോധവൽക്കരണ ക്ലാസുകളും നടത്തുന്നുണ്ട്. NDPS Act പോലെയുള്ള നിയമങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രത്യേക ക്ലാസുകളും നൽകിവരുന്നുണ്ട്. ആവശ്യമായ ഘട്ടങ്ങളിൽ വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് നൽകുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | ഇതിനെതിരെ ക്യാമ്പസുകളിൽ ബോധവത്ക്കരണ പരിപാടികൾ നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | 'എ' - യിൽ മറുപടി നൽകിയിട്ടുണ്ട്. |
| (സി) | ക്യാമ്പസുകളിൽ വിദ്യാർത്ഥികളുടെ ലഹരി ഉപയോഗം തടയാൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് മറ്റു വകുപ്പുകളുമായി ചേർന്ന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | എക്സൈസ്, പോലീസ്, ഡ്രഗ്സ് കൺട്രോൾ വകുപ്പുകളുടെയും എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെയും അധികാരികളെ ഉൾപ്പെടുത്തി വിദ്യാർത്ഥികൾക്കായി ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നുണ്ട്. കൂടാതെ വിവിധ ജില്ലകളിൽ വിവിധ വകുപ്പുകളെയും സ്ഥാപനങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് NCORD കമ്മിറ്റികൾ രൂപീകരിച്ച് വിവിധ ജില്ലകളിൽ പ്രതിമാസ മീറ്റിങ്ങുകൾ സംഘടിപ്പിക്കുകയും ഓരോ മാസവും ഓരോ വകുപ്പും നടത്തിയ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ അവലോകനം നടത്തി വരുന്നുമുണ്ട്. വിവിധ സർക്കാർ വകുപ്പുകളുടെ പദ്ധതികളുടെ സംയുക്തമായ ഏകോപനത്തിലൂടെ ലഹരിമുക്ത വിദ്യാലയങ്ങൾ എന്ന ആശയത്തിന് പ്രാധാന്യം നൽകി പുതുതലമുറയെ സമ്പൂർണ്ണമായി ലഹരി മുക്തമാക്കുക എന്ന ലക്ഷ്യത്തിനായി തയ്യാറാക്കിയിട്ടുള്ള പ്രവർത്തന മാർഗരേഖ (Standard Operating Procedure) തയ്യാറാക്കി എക്സൈസ് വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.<br><br>വിദ്യാർഥികളുടെ ലഹരി ഉപയോഗം തടയുന്നതിന് "For a drug free new generation standard operating procedure for anti drug activities" ന്റെ പ്രവർത്തനങ്ങൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നടത്തിവരുന്നു. സാമൂഹ്യനീതി വകുപ്പും, നാഷണൽ ആക്ഷൻ പ്ലാൻ ഫോർ ഡ്രഗ് ഡിമാൻഡ് റെഡക്ഷൻ (NAPDDR), നാഷണൽ സർവീസ് സ്കീം സംസ്ഥാന കാര്യാലയവുമായി ചേർന്ന് ലഹരി വിരുദ്ധ ബോധവത്കരണത്തിനായി ആസാദ് സേന (Agents for Social Action against Drugs) എന്ന കർമ്മപരിപാടിയും നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ